എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ സ്റ്റൈപ്പന്റ് വിതരണം

133 [3720] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ 2003-04 വർഷം പ്ലസ് ടു-വിനു പഠിച്ചിരുന്ന എസ്. സി./എസ്. റ്റി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം ചെയ്യാനുണ്ട്;

(ബി) സ്ക്കൂൾ മാനേജ്മെന്റ് അധികൃതർ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽനിന്നും യഥാസമയം അപേക്ഷകൾ വാങ്ങി പട്ടികജാതി വികസന വകുപ്പിനു കൊടുക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ഡി) 2003-04 വർഷം പ്രസ്തുത സ്ക്കൂളുകളിൽ പഠിച്ച പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കുടിശ്ശിക വന്നിട്ടുള്ള സ്റ്റൈപ്പന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഇന്ന് നില നിൽക്കുന്ന സീലിംഗ് ഒഴിവാക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രണ്ട് സ്ക്കൂളുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്കും ഒരു സ്ക്കൂളിൽ ഭാഗികമായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് വിതരണം ചെയ്യാനുണ്ട്.

(ബി) ഉണ്ട്.

(സി) എല്ലാ അദ്ധ്യയന വർഷാരംഭത്തിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും സംബന്ധിച്ച് സമയബന്ധിത നിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകി വരുന്നുണ്ട്. അപേക്ഷകൾ യഥാസമയം വാങ്ങി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് ഹയർസെക്കണ്ടറി ഡയറക്ടർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഥാപന മേധാവികളുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) വിദ്യാഭ്യാസാനുകൂല്യങ്ങൾ സീലിംഗിൽ നിന്ന് ധനവകുപ്പ് ഒഴിവാക്കി നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly